# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 613 29-07-2015-ലെ മറുപടിക്ക്.**

## നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

**ചോദ്യം :**

ശ്രീ. പി. ടി. എ റഹിം
ശ്രീ. എ. എം. ആരിഫ്
ശ്രീ. സി. കെ. സദാശിവൻ
ശ്രീ. ബി. ഡി ദേവസ്സി

**മറുപടി :**

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിന് പുറമേ വൻതോതിൽ ഹവാല ഇടപാടും നടന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് നടത്തിയ കൊച്ചിയിലെ രവിപുരം ചർച്ച് ലാന്റിംഗ് റോഡിൽ പ്രവർത്തിക്കുന്ന അൽ സറാഫ നഴ്സിംഗ് ഏജൻസിയുടെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിന് ലഭിച്ച വിവരങ്ങൾ സംബന്ധിച്ച് യഥാസമയം അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ; പ്രസ്തുത ഇടപാടിൽ കണ്ണികളായി പ്രവർത്തിച്ചിരുന്നവർ ആരൊക്കെയാണ്; | (ബി) | പ്രസ്തുത തട്ടിപ്പു സംബന്ധിച്ച് കൊച്ചി സി. ബി. ഐ യൂണിറ്റും ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസുമാണ് അന്വേഷണം നടത്തുന്നത്. എൽ. അഡോൾഫസ്, പ്രൊട്ടക്ടർ എമിഗ്രന്റ്സ്, കൊച്ചി മൈലക്കാട് വർഗ്ഗീസ് ഉതുപ്പ് (മാനേജിംഗ് ഡയറക്ടർ അൽ സറാഫ ട്രാവൽസ്), കെ. എസ് പ്രദീപ് (അക്കൗണ്ടന്റ് അൽ സറാഫ ട്രാവൽസ്), ജോസി ജോസഫ് ആലപ്പുഴ എന്നിവരെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത കേസ്സിലാണ് അന്വേഷണം നടന്നു വരുന്നത് |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു; | (സി) | സി. ബി. ഐ യും ഡയറക്ടർ ഓഫ് റവന്യൂ ഇന്റലിജൻസും ഇതിനെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തികൊണ്ടിരിക്കുന്നതിനാൽ ലോക്കൽ പോലീസ് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ ഏതെങ്കിലും ട്രസ്റ്റുമായി പ്രസ്തുത ഏജൻസി ഉടമ ശ്രീ. ഉതുപ്പു വർഗ്ഗീസ് എന്തെങ്കിലും ഇടപാട് നടത്തുകയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ? | (ഡി). | അത്തരം ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ